## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 135 | 28.05.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

### പെരിയ ഇരട്ടക്കൊലപാതക കേസന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.മുരളീധരൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് പെരിയ കല്ല്യോട്ട് കൃപേഷ് ശരത് ലാൽ എന്നിവരുടെ ഇരട്ട കൊലപാതക കേസന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) കേസിന്റെ അന്വേഷണം പൂർത്തിയാക്കി 20.05.2019 തീയതിയിൽ ബഹു. ഹോസ്ദുർഗ് JFCM-II കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) സി.പി.എം. ഉദുമ ഏര്യാസെക്രട്ടറി പ്രതികളെ ഒളിവിൽ പാർപ്പിക്കുവാൻ സഹായിച്ചുവെന്ന് അന്വേഷണ സംഘം ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നുവോ; എങ്കിൽ അദ്ദേഹത്തെ പ്രസ്തുത കേസിൽ പ്രതിയാക്കാതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്താമോ ; | (ബി) പ്രതിയാക്കി അറസ്റ്റ് ചെയ്ത് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (സി) ഈ ഇരട്ടക്കൊലപാതകത്തിൽ ഉദുമ എം.എൽ.എ.യെയും മുൻ എം.എൽ.എ.യെയും ക്രൈംബ്രാഞ്ച് ചോദ്യം ചെയ്തിരുന്നുവോ ; എങ്കിൽ അവർക്ക് ഈ കേസിൽ പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; | (സി) ചോദ്യം ചെയ്തിരുന്നു. അവർക്ക് പങ്കില്ലായെന്നാണ് പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയത്. |
| (ഡി) കേസ് ആദ്യം അന്വേഷിച്ച ലോക്കൽ പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച ഏതെങ്കിലും വ്യക്തി വിദേശത്തേക്ക് കടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (ഡി) ഇല്ല |
| (ഇ) ഈ കേസിൽ ഭരണകക്ഷിയിൽപ്പെട്ട ഉന്നതർ ഉൾപ്പെട്ടിട്ടുണ്ടെന്ന ആക്ഷേപമുള്ളതിനാൽ കേസ് സി.ബി.ഐ.ക്ക് വിടുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ ? | (ഇ) ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ശരത് ലാലിന്റെയും കൃപേഷിന്റെയും മാതാപിതാക്കൾ ബഹു. കേരളാ ഹൈക്കോടതിയിൽ WP (C) 10265/19 നമ്പറായി ഹർജി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ